(സി) ടി പദ്ധതിയിലെ വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ ജോലികളും ചെയ്തിട്ടുണ്ട്. ഓരോ ഫ്ലാറ്റിലും ശൗചാലയം ഉൾപ്പെടെയാണ് നിർമ്മാണം നടത്തിയിട്ടുള്ളത്.

(ഡി) ടി പദ്ധതിയുടെ ഭൂവികസന ചെലവുകളും അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ശുദ്ധജല വിതരണ സംവിധാനം, ഊർജ്ജ വിതരണ സംവിധാനം, മാലിന്യ സംസ്കരണം മുതലായവയുടെ ചെലവുകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം/പഞ്ചായത്ത്/കാരുണ്യവാൻമാരായ വ്യക്തികൾ ആണ് വഹിക്കേണ്ടത്. ടി പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹൗസിംഗ് പദ്ധതിക്ക് സെസ്

152 (159) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോൾ-ഡീസൽ വിലയോടൊപ്പം സംസ്ഥാന സർക്കാർ ഹൗസിംഗ് പദ്ധതിക്ക് പണം കണ്ടെത്തുന്നതിന് പ്രത്യേക സെസ് പിരിച്ചെടുക്കുന്നുണ്ടോ ;

(ബി) എത്ര ശതമാനം തുകയാണ് സെസ് ഇനത്തിൽ ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്നത്; ഏത് തീയതി മുതലാണ് സെസ് പിരിവു നടത്തിയത് ; ഈ വർഷം എത്ര തുക ഈ ഇനത്തിൽ പ്രതീക്ഷിക്കുന്നുണ്ട്; ഇതിനകം ലഭിച്ച തുക എത്ര ;

(സി) സെസ് ഇനത്തിൽ പിരിഞ്ഞു കിട്ടിയ തുകയിൽ നിന്ന് ഏതെല്ലാം ഹൗസിംഗ് പദ്ധതികൾക്ക് എത്ര രൂപ വീതം പിൻവലിക്കപ്പെട്ടിട്ടുണ്ട് ; എത്ര പേർക്ക് വീട് നിർമ്മിച്ച് കൈമാറുകയുണ്ടായി ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഹൗസിംഗ് പദ്ധതിക്കായി പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ പ്രത്യേക സെസ് ഈടാക്കുന്നില്ല. എന്നാൽ ഇവയുടെമേൽ ലിറ്ററിന് 1 രൂപ നിരക്കിൽ അധിക വിൽപ്പന നികുതി ചുമത്തിയിട്ടുണ്ട്. 30-6-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 112/15/TD ഉത്തരവ് പ്രകാരം അധിക വിൽപ്പന നികുതിയുടെ 50 % കേരള റോഡ് ഫണ്ട് ബോർഡിനായി വിനിയോഗിക്കുവാൻ ഉത്തരവായിട്ടുണ്ട്. 31-10-2015 വരെ 254.44 കോടി രൂപ വരുമാനം ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷം അധിക വിൽപ്പന നികുതിയായി 375 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്. 1-4-2015 മുതലാണ് അധിക വിൽപ്പന നികുതി ഈടാക്കി വരുന്നത്. 31-10-2015 വരെ 254.44 കോടി രൂപ ഈ ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്.

(സി) നിലവിലുള്ള ഹൗസിംഗ് പദ്ധതികൾക്ക് വേണ്ടി തുകയൊന്നും പിൻവലിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly